

# പുല്ലൂർ
# സെന്റ് സേവിയേഴ്സ് ഇടവക

ഇരിങ്ങാലക്കുട രൂപതയുടെ ആസ്ഥാനത്തു നിന്ന് 4 കി.മീ. കിഴക്കുഭാഗത്ത് പുല്ലൂർ സെന്റ് സേവിയേഴ്സ് ഇടവക ദേവാലയം സ്ഥിതിചെയ്യുന്നു. ഇരിങ്ങാലക്കുടയിലെയും പരിസരപ്രദേശത്തേയും ആദ്ധ്യാത്മിക വളർച്ചയ്ക്ക് സി.എം.ഐ. സഭയുടെ ഒരു ആശ്രമം വേണമെന്ന് നാട്ടുകാർ ആഗ്രഹിച്ചു. പ്രസ്തുത ആശ്രമം ഇവിടെ പണിയുന്നപക്ഷം ആശ്രമത്തിനു വേണ്ടി തങ്ങൾ കണ്ടുവച്ചിരിക്കുന്ന ആറ് ഏക്കർ 85 സെന്റ് സ്ഥലത്തിനുവേണ്ടിവരുന്ന വിലയ്ക്കുപുറമെ 5000 രൂപ ആശ്രമത്തിന്റെ കെട്ടിടനിർമ്മാണത്തിന് ദാനം ചെയ്യാമെന്നും നാട്ടുകാർ സി.എം.ഐ. സഭാധികാരികളെ അറിയിച്ചു. എൽത്തുരുത്ത് പ്രിയോർ ബഹു. ജോസഫാത്തച്ചനും, ആലുവ പ്രിയോർ ബഹു. ക്ലമന്റ് അച്ചനും സമർപ്പിച്ച അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നത്തെ സി.എം.ഐ. സഭാ പ്രിയോർ ജനറാൾ ബഹു. വിൻസന്റച്ചൻ 1951 ഡിസംബർ 18-ാം തിയ്യതി പുല്ലൂർ ആശ്രമ സ്ഥാപനത്തിന് അനുമതി നല്കി.

## ആശ്രമവും ദേവാലയവും

ഇതിനിടയ്ക്ക് ഇരിങ്ങാലക്കുടക്കാർ നാട്ടുകാരിൽ നിന്ന് പിരിച്ചെടുത്ത 16,539 രൂപ മേല്പറഞ്ഞ പ്രകാരം ബഹു. പ്രിയോരച്ചനെ ഏല്പിക്കുകയും 11000 രൂപ കൊടുത്ത് നിർദ്ദിഷ്ട സ്ഥലം അദ്ദേഹം വാങ്ങുകയും ചെയ്തു (ഇരിങ്ങാലക്കുട രൂപത സ്മരണിക 1978). 1952 ജൂൺ 9-ാം തിയ്യതി തുടങ്ങിയ ആശ്രമത്തിന്റെയും പള്ളിയുടെയും പണി 1952 സെപ്റ്റംബർ 21-ാം തിയ്യതി പൂർത്തിയായി. അഞ്ച് മുറികളുള്ള ഒരു കെട്ടിടവും ഒരു ചെറിയ പള്ളിയുമുൾപ്പെട്ട ഈ സ്ഥാപനത്തിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചത് അഭിവന്ദ്യ മാർ ജോർജ്ജ് ആലപ്പാട്ട് പിതാവായിരുന്നു.

## ഇടവകസ്ഥാപനം

1971 മേയ് 29-ാം തിയ്യതി ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പുതുക്കി പണിത ദേവാലയത്തിന്റെ ആശീർവാദകർമ്മത്തോടനുബന്ധിച്ച് ചേർന്ന പൊതുസമ്മേളനത്തിൽ ഇതൊരു ഇടവക ദേവാലയമാക്കാനുള്ള ജനങ്ങളുടെ ആഗ്രഹം അന്നത്തെ തൃശ്ശൂർ രൂപ



സെന്റ് സേവിയേഴ്സ് ആശ്രമം

തയുടെ അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ മുമ്പിൽ അവതരിപ്പിച്ചു. തുടർന്ന് 1975-ൽ അന്നത്തെ സുപ്പീരിയറായിരുന്ന റവ. ഫാ. ജോസ് കല്ലേലിയുടെ നേതൃത്വത്തിൽ ഇടവക രൂപീകരണ പ്രവർത്തനമാരംഭിച്ചു. പിന്നീട് 1977 നവംബർ 23-ാം തിയ്യതി ഇടവക പ്രഖ്യാപനം സംബന്ധിച്ച കരാറിൽ മേലധികാരികൾ ഒപ്പുവച്ചു. അങ്ങനെ 1977 ഡിസംബർ 9-ാം തിയ്യതി മുതൽ പുല്ലൂർ ആശ്രമ ദേവാലയത്തെ ഒരിടവക പള്ളിയായി അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവ് പ്രഖ്യാപിച്ചു. പ്രഥമ വികാരിയായി റവ. ഫാ. ജോസ് കല്ലേലിയെയും നിയമിച്ചു. ഇടവകയായ ഉടനെതന്നെ ആശ്രമം ദാനമായി നല്കിയ 10 സെന്റ് സ്ഥലത്ത് സെമിത്തേരിയുടെ പണി പൂർത്തിയാക്കി.

## സേക്രഡ് ഹാർട്ട് ആശുപത്രി




സേക്രഡ് ഹാർട്ട് ഹോസ്പിറ്റൽ

1967-ൽ ബഹു. സമരിറ്റൻ സിസ്റ്റേഴ്സ് ആരംഭിച്ച സേക്രഡ് ഹാർട്ട് കോൺവെന്റിന്റെ കീഴിൽ നടത്തുന്ന ആശുപത്രിയാണിത്. 1967-ൽ ആരംഭിച്ച ഈ ആശുപത്രിയോടനുബന്ധിച്ച് ഗവൺമെന്റ് അംഗീകാരത്തോടുകൂടി ഒരു നഴ്സിങ്ങ് സ്ക്കൂളും മാതൃകാപരമായി നടത്തിവരുന്നു. 2005-ൽ കാരുണ്യ കോൺവെന്റ് & റീ-ഹാബിലിറ്റേഷൻ സെന്റർ സ്ഥാപിച്ചു. 2007-ൽ ആതുരശുശ്രൂഷാകേന്ദ്രമായ വിയാനി ഭവൻ പ്രവർത്തനം തുടങ്ങി.




എസ്.എച്ച്. നേഴ്സിങ്ങ് സ്ക്കൂൾ



കാരുണ്യ കോൺവെന്റ് & റീ- ഹാബിലിറ്റേഷൻ സെന്റർ



വിയാനി ഭവൻ

## സെന്റ് ജോസഫ്സ് ബോയ്സ് ഹോം

നിർദ്ധനരും, നിരാലംബരുമായ ആൺകുട്ടികൾക്കുവേണ്ടി 1958 ജനുവരി 1-ാം തിയ്യതി ആശ്രമത്തോടനുബന്ധിച്ച് സി.എം.ഐ. സഭ സ്ഥാപിച്ചതാണ് സെന്റ് ജോസഫ്സ് ബോയ്സ് ഹോം. ഈ സ്ഥാപനത്തിൽ ഇന്ന് 120 കുട്ടികൾ അന്തേവാസികളായി പഠനം നടത്തുന്നു.



സെന്റ് ജോസഫ്സ് ബോയ്സ് ഹോം

## സെന്റ് ജോസഫ്സ് പ്രസ്സ്

വാഴ്ത്തപ്പെട്ട ചാവറയച്ചനിൽ നിന്ന് അരൂപി സ്വീകരിച്ച് 1960 ആഗസ്റ്റ് 20-ാം തിയ്യതി ഒരു പ്രസ്സ് തുടങ്ങുന്നതിന് ആശ്രമാംഗങ്ങൾ തീരുമാനിച്ചു. ഇപ്പോൾ കാലോചിതമായി ഓഫ്സെറ്റ് പ്രസ്സാക്കി നല്ല നിലയിൽ പ്രവർത്തിക്കുന്നു.

## സെന്റ് സേവിയേഴ്സ് ഐ.ടി.സി.

സാങ്കേതിക വിദ്യയിൽ, യുവജനങ്ങൾക്ക് പരിശീലനം നല്കുവാൻവേണ്ടി 1979 സെപ്തംബർ 27-ാം തിയ്യതി പ്രവർത്തനമാരംഭിച്ചതാണ് ഈ ഐ.ടി.സി. ഉന്നത നിലവാരം പുലർത്തുന്ന വിവിധ ട്രേഡുകളോടെ മുന്നേറുന്നു.



സെന്റ് സേവിയേഴ്സ് ഐ.ടി.സി.

## സെന്റ് സേവിയേഴ്സ് സ്റ്റീൽ ഇൻഡസ്ട്രീസ്

ചെറുകിട വ്യവസായരംഗത്ത് യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഈ സ്ഥാപനം ഐ.ടി.സി.യുടെ ഒരു വിഭാഗമായി പ്രവർത്തിക്കുന്നു. ആധുനിക രീതിയിലുള്ള എൻജിനീയറിങ്ങ് ജോലികൾ വളരെ വിദഗ്ദ്ധമായി ഇവിടെ ചെയ്തുകൊടുക്കുന്നു.

## ചികിത്സാകേന്ദ്രം

1977 മുതൽ ഏതുസമയത്തും സംലഭ്യമാകുന്ന റവ. ബ്രദർ ആന്റണി ഇഞ്ചയ്ക്കലിന്റെ ആതുരസേവനം പ്രത്യേകിച്ച് വിഷചികിത്സ അനേകായിരങ്ങൾക്ക് സൗഖ്യം നല്കാൻ ഇടവരുത്തിയിട്ടുണ്ട്.

## ആൾ സെയിന്റ്സ് കോൺവെന്റ്

സമൂഹത്തിലെ മന്ദബുദ്ധികളും, വികലാംഗരും, മൂകരുമായ സഹോദരങ്ങൾക്ക് ആശ്രയവും, അഭയവും, സ്നേഹവും നല്കി വളർത്താൻ സി.എം.സി. സന്യാസസഭ 1981 ൽ പുല്ലൂരിൽ സ്ഥാപിച്ചതാണ് ഈ കോൺവെന്റ്. ഇതിന്റെ കീഴിൽ 1985 മുതൽ നല്ലൊരു പ്രസ് നിലവിലുണ്ട്.



ആൾ സെയിന്റ്സ് കോൺവെന്റ് & പ്രസ്സ്

## കർമ്മലോദയ സി.എം.സി. കോൺവെന്റ് - തൊമ്മാന

1991 ജനുവരി 13-ാം തിയ്യതി സ്ഥാപിതമായ ഈ കർമ്മലീത്താമഠം വാർദ്ധാ ആസ്ഥാനമായുള്ള കർമ്മലോദയ പ്രോവിൻസിന്റെ കീഴിലാണ്. മിഷനറി സിസ്റ്റേഴ്സിന് അവധിക്കാലത്തെ വിശ്രമകേന്ദ്രമായും മിഷനിലേയ്ക്ക് ദൈവവിളിയുള്ള യുവതികൾക്ക് രൂപീകരണം നല്കുന്നതിനും ഈ നാട്ടിലെ പ്രായപൂർത്തിയായ പെൺകുട്ടികൾക്കുള്ള ജീവിത മാർഗ്ഗദർശനകേന്ദ്രമായും പ്രവർത്തിക്കുന്നു.



കർമ്മലോദയ സി.എം.സി. കോൺവെന്റ്

## കപ്പേളകൾ

പുല്ലൂർ, കച്ചേരിപ്പടി ജംഗ്ഷനിൽ അത്ഭുതപ്രവർത്തകയായ വേളാങ്കണ്ണി മാതാവിന്റെ നാമധേയത്തിലുള്ള കപ്പേളയിൽ എല്ലാ മാസാദ്യ ശനിയാഴ്ചകളിൽ നൊവേനയും സെപ്തംബർ മാസത്തിൽ തിരുനാളും ആഘോഷിക്കുന്നു.

പുല്ലൂർ ജംഗ്ഷനിൽ വി. അന്തോണീസിന്റെയും വ്യാകുലമാതാവിന്റെയും നാമധേയത്തിലുള്ള കപ്പേള



സെന്റ് ആന്റണീസ് & വ്യാകുലമാത, പുല്ലൂർ



വേളാങ്കണ്ണിമാതാ, കച്ചേരിപ്പടി



സേക്രഡ് ഹാർട്ട് സി.എസ്.എസ്. കോൺവെന്റ്

യിൽ മാസത്തിലെ രണ്ടാമത്തെ ചൊവ്വാഴ്ചയിൽ നൊവേനയും നവംബർ മാസത്തിൽ ഊട്ടുതിരുനാളും ആഘോഷിക്കുന്നു.

## ഇടവകതിരുനാൾ

എല്ലാവർഷവും ക്രിസ്തുമസ് കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണ് ഇടവക മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് സേവ്യറിന്റെയും വി. സെബസ്ത്യോനോസിന്റെയും വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെയും തിരുനാളുകൾ.

## പുതിയ ദേവാലയം

ഇടവകജനം മുഴുവൻ സജീവമായി തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുവാനുള്ള സൗകര്യം ഇന്നത്തെ ദേവാലയത്തിന് ഇല്ലാത്ത സാഹചര്യത്തിൽ ഏകദേശം 10,000 സ്ക്വയർ ഫീറ്റിൽ പുതിയ പള്ളിയുടെ പണി ഗണ്യമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## സ്ഥിതിവിവരം

245 കത്തോലിക്കാ കുടുംബങ്ങളിലായി 1968 അംഗങ്ങളായി ആരംഭിച്ച ഇടവക ഇന്ന് 14 കുടുംബസമ്മേളന യൂണിറ്റുകളിലായി 484 കുടുംബങ്ങളും 2321 അംഗങ്ങളുമുണ്ട്.

## ആശ്രമ സുപ്പീരിയർമാർ

ബഹു. സെറാഫിനച്ചൻ, ബഹു. ബെനീസിയച്ചൻ, ബഹു. ചേൾസൂസച്ചൻ, ബഹു. ജോസ് കല്ലേലി എന്നീ വൈദികരാണ് ആശ്രമ സാരഥികളായി പ്രവർത്തിച്ചത്. ബഹു. കല്ലേലിയച്ചന്റെ കാലത്താണ് ഇടവക രൂപംകൊണ്ടത്. തുടർന്ന് വന്ന സുപ്പീരിയറച്ചന്മാരെ അഭിവന്ദ്യപിതാവ് കാലാകാലങ്ങളിൽ വികാരിമാരായി നിയമിച്ചിരുന്നു. കൂടാതെ, അജപാലന ശുശ്രൂഷക്കായി അവരോടൊപ്പം നിയുക്തരാകുന്ന മറ്റു വൈദികരുടെ സേവനം ഏറെ വിലപ്പെട്ടതാണ്.